ആലാഹയുടെ പെൺമക്കളിലെ ആഖ്യാനതലം


RNI No. KERMAL/ 2012/44946
പുസ്തകം 6 ലക്കം 5,6
ISSN 2277-5714
വില ₹ 20

# സർഗ്ഗസുധ

മലയാളം മാസിക

2017 മേയ്-ജൂൺ
1192 മേടം-ഇടവം-മിഥുനം

## മലയാള സാഹിത്യ വിമർശന ചരിത്രവും ഉപാദാനങ്ങളും




## വഴിത്തിരിവ്?

വിശ്വമംഗലം സുന്ദരേശൻ




കഥകൾ
കവിതകൾ

കഥ

# മൈമൂനയുടെ പകലുകൾ

ശിവദാസൻ.എ.കെ

സംഭവിക്കുന്നതെല്ലാം വിചിത്രമായ കാര്യങ്ങളാണ്. കുറച്ചുനാളായി ഇതു തുടങ്ങിയിട്ട്. പറഞ്ഞാൽ ആരും വിശ്വസിച്ച എന്ന് വരില്ല. അല്ല മൈമൂനയ്ക്ക തന്നെ ഇതൊക്കെ വിശ്വസിക്കാൻ ഏറെ പാടുപെടേണ്ടി വന്നു.

കുട്ടികളെല്ലാം സ്കൂളിൽ പോയ അലസമായ ദിവസത്തിന്റെ മധ്യത്തിൽ ടി.വി യുടെ മുന്നിൽ നിന്ന് എഴുന്നേറ്റ് ഒന്നു നടുനീർത്ത് മുറ്റത്തേക്കിറങ്ങിയതാണ്.

അപ്പോഴാണ് ആ ഒച്ച കേട്ടത്.

ഒരു മർമ്മരം പോലെ. അല്ല അടക്കിപിടിച്ച സംസാരമാണ്.

വിരസമായ പകലിൽ ഒരു വർത്തമാനക്കാരു പോലും ഇപ്പോഴില്ല. അയലത്തെ പെണ്ണുങ്ങളെല്ലാം കുടുംബശ്രീ, തൊഴിലുറപ്പ് , എ.ഡി.എസ്, സി.ഡി.എസ് എന്നൊക്കെ പറഞ്ഞ് നടപ്പാണ്. അപ്പോൾ പിന്നെ ആരാണിങ്ങനെ അടക്കം പറയാൻ. അതും തന്റെ മുറ്റത്ത് തന്നോടു ചോദിക്കാതെ.

മുറ്റത്തേക്ക് നിഴലുമായി എത്തിനോക്കി നിന്ന മാവിന്റെ ചുവട്ടിൽ വന്ന് നോക്കി.

ആരും ഇല്ല.

വല്ല തട്ടുമുട്ടുസാധനങ്ങളും വിൽക്കാൻ വന്നവരാണോ.

ആണെങ്കീ രണ്ട് പറഞ്ഞിട്ടു തന്നെ കാര്യം. വീട്ടുകാരറിയാണ്ട് മുറ്റത്ത് വന്ന് സ്വകാര്യം പറഞ്ഞ് കളിക്ക്യാ.

മണല് വിരിച്ച മുറ്റത്തൂടെ രണ്ട് ചുറ്റ് വലം വെച്ചു.

ആരും ഇല്ല. ഇപ്പോ ഒച്ചയും ഇല്ല. പിന്നെയും പിന്നാമ്പുറത്തേക്ക് നടക്കാനൊരുങ്ങി. അപ്പോഴതാ വീണ്ടും ആ ഒച്ച.

അടക്കിപിടിച്ച സംസാരം.

റബ്ബേ ഇനി വല്ല ജിന്ന് വല്ലതുമാണോ.

പെരുവിരലിൽ നിന്ന് ഒരു തരിപ്പ് ഉടലാകെ വിറപ്പിച്ച് മേലോട്ട് കേറി.

ഇതിലൊന്നും വല്യ വിശ്വാസോണ്ടായിട്ടല്ല. കെട്ട കാലാണ്. പട്ടാപ്പകലും തലയ്ക്കടിച്ച് കൈയ്യീക്കിട്ടണത് വാരിക്കൊണ്ടു പോണ കള്ളൻമാരുള്ള കാലം. ഇവിടൊരു പെണ്ണൊരുത്തി തനിച്ചാണെന്ന് ആർക്കാ അറിയാത്തത്. അമ്പതു സെന്റ് പുരയിടത്തിന് നടുക്കൊരു ഒറ്റ വീടാണ്.

മൈമൂനക്ക് വായില് വെള്ളം വറ്റി. കുറച്ചപ്പുറത്ത് മൂത്താങ്ങള സെയ്തലവിയുടെ വീടാണ്. നാത്തൂൻ നഫീസു ഒരുപക്ഷേ അവിടെ കണ്ടേക്കും. വീട്ടിലേക്ക് കേറാൻ പേടി കൂടി വരുന്നു.

നഫീസൂനെ വിളിച്ചാലോ.

അകത്തേക്ക് വെച്ച കാൽ പുറത്തേക്കെടുത്ത് ധൃതിയിൽ ഗേറ്റിനു നേരെ നടക്കുമ്പോഴാണ് വീണ്ടുമതേ ശബ്ദം. തലക്കു മുകളിൽ നിന്ന്.

ഇപ്രാവശ്യം മൈമൂന ശരിക്കും ഞെട്ടുക തന്നെ ചെയ്തു.

സംസാരിച്ചു കൊണ്ടിരുന്നത് മനുഷ്യരല്ല. ജിന്നോ, ഭൂതമോ ഒന്നുമല്ല.

രണ്ട് കാക്കകളാണ്.

മൈമൂനയുടെ നോട്ടം തങ്ങളിൽ പതിഞ്ഞു എന്നറിഞ്ഞ ഉടനെ അവ രണ്ടും കൂടെ ഒറ്റ പറക്കൽ.

മൈമൂനക്ക് താൻ ഏതു ലോകത്താണ് എന്നായി സംശയം.

കേട്ടുകേൾവി പോലുമില്ലാത്ത സംഭവമാണ്. കാക്കകള് സംസാരിക്ക്യേ.

കൈയ്യിലൊന്ന് നുള്ളി നോക്കി.

നല്ല വേദന. അപ്പോൾ സ്വപ്നമല്ല.

അന്ന് ഉണ്ണാനായില്ല. ഒരു ഉച്ചമയക്കം പതിവാണ്. അതുണ്ടായില്ല. കണ്ണടച്ചാൽ മനക്കണ്ണിൽ തെളിയുന്നത് കാക്കകളുടെ സംസാരമാണ്.

ഈ ഹറാം പെറന്ന കാക്കോള്ക്ക് എന്താണിത്ര സംസാരിക്കാൻ.

വൈകിട്ടായപ്പോഴേക്കും കുട്ടികളെത്തി. എട്ടാം ക്ലാസ്സുകാരൻ ഫിർദൗസും, പത്താം ക്ലാസ്സിലെ ഹയറുന്നീസയും നേരത്തെ എത്തി. പ്ലസ് ടു ക്കാരി സോനവാണ് വൈകിയെ

ത്തുന്നത്.

"ഉമ്മേന്താ ഇങ്ങനെ വിചാരം കൊണ്ടിരിക്കണത്? "

സോനവിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല.

പിള്ളാരോട് പറയാൻ പറ്റുന്ന കാര്യമാണോ.

എത്രയോ കാലമായി കട്ടികളെ സ്കൂളില് വിട്ടും, അക്കരേലുള്ള കെട്ട്യോനെക്കൊണ്ട് വിചാരം കൊണ്ടും ഇങ്ങനെ കാലം കഴിക്കണ്. ഇനി തനിക്ക് വല്ല നൊസ്സും തുടങ്ങിയോ.

വീടിന്റെ പുറം ചുവരിനോട് ചേർന്ന മുറിയിലായിരുന്നു മൈമൂന കിടന്നിരുന്നത്. അതേ മുറിയിലെ മറ്റൊരു കട്ടിലിലാണ് ഫിർദൗസും കിടപ്പ്. അർദ്ധരാത്രിയായിട്ടുണ്ടാകണം. സ്വസ്ഥത കെട്ട മനസ്സ് ഒന്ന് മയങ്ങിയതേ ഉള്ളൂ. പിന്നാമ്പുറത്ത് നിന്നൊരൊച്ച.

മൈമൂന ഞെട്ടിയെണീറ്റു. ഒരു ജനൽപ്പാളി അടക്കാൻ വിട്ടുപോയതിനെ കാറ്റ് മലർക്കെ തുറന്നിട്ടിരിക്കുന്നു.

വീടിന്റെ പിന്നാമ്പുറത്ത് ചെറിയോരു മുറ്റം. അതിനപ്പുറത്ത് ഒരു നീണ്ട ഷെഡ്. അതിലാണ് കോഴിക്കൂടും തട്ടുമുട്ടു സാധനങ്ങളും. തൊട്ടടുത്ത തൂണിൽ അടുത്ത പെരുന്നാളിനായി വാങ്ങിയ രണ്ട് മുട്ടനാട്ടിൻകട്ടികളെയും കെട്ടിയിട്ടുണ്ട്.

മൈമൂന ചെവിയോർത്തു. അടക്കിപ്പിടിച്ച സംസാരമുണ്ട്. അതും ഷെഡിനടുത്ത് നിന്ന്.

ചതിച്ചോ റബ്ബേ.

മൈമൂന പെൺകുട്ടികളുടെ മുറിയിലേക്കോടി. ഭാഗ്യം രണ്ടും പോത്തുപോലെ കിടന്നുറങ്ങുന്നു. ഇപ്പുറത്ത് ഫിർദൗസും നല്ല ഉറക്കം.

അപ്പോൾ പിന്നെ ആരാണ്.

രാത്രിയിൽ മുതിർന്ന പെണ്ണുങ്ങൾ താമസിക്കുന്ന വീടിന്റെ പിന്നിൽ ഒച്ചയനക്കം കേട്ടാൽ ഈ നാട്ടുകാരെന്തു പറയും.

ഇത്രേം കാലമായിട്ടും ഒരുപേരുദോഷവും കേൾപ്പിച്ചിട്ടില്ല.

മുൻവശത്ത് പട്ടിയുണ്ട്. ഫിർദൗസ് ഐവാൻ എന്ന് വിളിക്കുന്ന അൽസേഷ്യൻ. ഈ നായ എന്തു ചെയ്യുകയാണ്. ഒരൊച്ച കേട്ടാ കുരക്കണ്ടെ. നായോൾക്കും ശ്രദ്ധയില്ലാതായോ, തീറ്റേം കടീം മാത്രായിട്ടങ്ങനെ കൂടാ.

താനറിയാതെ തന്റെ വീട്ടിൽ അനാശാസ്യക്കാരോ, അതോ കള്ളൻമാരോ.

ഓർത്തു നിൽക്കെ പെട്ടെന്ന് പകലുണ്ടായ സംഭവം ഓർമ്മ വന്നു.

ഇനിയാ കാക്കകളാണോ. കാക്കകൾ രാത്രിയിലും എണീറ്റിരിക്കുമോ.

കാക്കകളെക്കുറിച്ചോർത്തപ്പോൾ അല്പം ധൈര്യം വന്നു. ജിന്നിനേക്കാളും കള്ളൻമാരേക്കാളും ഭേദമാണല്ലോ കാക്കകൾ.

അടുക്കള വാതിൽ മെല്ലെ തുറന്നു. ഇരുട്ടിനു നേരെ കാതു കൂർപ്പിച്ചു.



സംസാരമുണ്ട്. ഇപ്പോൾ സ്ഥലവും വ്യക്തമായി. കോഴിക്കൂടിനകത്തുനിന്നാണ്.

കോഴികളോ

കോഴികൾക്കെന്തുണ്ട് ഇത്ര സംസാരിക്കാൻ.

ആലോചിച്ചു നിൽക്കെ ഇരുട്ടിന്റെ പള്ളയിൽ നിന്നും സ്വയം വെളിവായെന്നവണ്ണം സംസാരം തിരിഞ്ഞു വന്നു.

'ഒന്നു പതുക്കെ പറ. ആ പെണ്ണും പിള്ള കേൾക്കും."

"എന്തു കേൾക്കാൻ. അല്ലെങ്കിലും ഈ മനുഷ്യർക്ക് ഇതൊന്നും കേട്ടാൽ മനസ്സിലാവില്ല."

മനസ്സിലാവുമെങ്കിൽ ഇവരൊക്കെ ഇങ്ങനെ പ്രവർത്തിക്കുമോ.

"ഇപ്പോൾ ഇവിടുത്തെ വീട്ടുകാരിയെത്തന്നെയെടുക്ക്. എന്തോരു നാട്യക്കാരിയാണ്. ഒരു മനസാക്ഷിയുമില്ലവർക്ക്.

കുറെ അരിയോ, ഗോതമ്പോ, പഴം ചോറൊ, പിണ്ണാക്കോ ഒക്കെ തന്നെന്നിരിക്കും. അത് നമ്മോട് സ്നേഹമുണ്ടായി ട്ടാണോ."

'അല്ലേ , അല്ല.'

"ഒന്നുകിൽ ഇറച്ചി, അല്ലെങ്കിൽ മുട്ട. അല്ലാതെന്ത്.'

'ഇവരുടെ കെട്ടിയവന്റെ കഴിഞ്ഞ വരവിന് നമ്മുടെ കൂട്ട ത്തീന്ന് നാലെണ്ണമല്ലേ തീർന്നത്. ഇനി വരാൻ പോകുന്ന വിശേഷത്തിന് നമ്മളാരൊക്കെ അവശേഷിക്കുമെന്ന് ആർ ക്കറിയാം."

മൈമൂന സ്തബ്ധയായി നിന്നു.

കോഴികൾ ഇങ്ങനെ തന്നെ കുറ്റപ്പെടുത്തും എന്നവർ ഒരിക്കലും കരുതിയില്ല.

ഓർത്താൽ വല്ലാത്ത കഷ്ടം തന്നെ. എത്രയോ കാലമായി മനുഷ്യർ കോഴിയിറച്ചിയും , മുട്ടയും കഴിക്കുന്നു.

അവർക്കാർക്കെങ്കിലും ഇങ്ങനെയൊരു കുറ്റപ്പെടുത്തലുണ്ടാ യിട്ടുണ്ടോ.

മൈമൂനക്ക് വല്ലാത്ത കുണ്ഠിതം തോന്നി. ഒന്നുമില്ലെങ്കിലും ഈ കോഴികൾ തന്നെ മനസ്സാക്ഷി ഇല്ലാത്തവളെന്ന് വിളി ച്ചല്ലോ.

മൈമൂന തിരിച്ച് നടന്നു.

കേട്ടിരിക്കാൻ അത്ര സന്തോഷകരമായി ഒന്നുമില്ലല്ലോ.

മൈമൂനക്ക് ഒന്നുകൂടി ഉറക്കം നഷ്ടപ്പെട്ടു.

എന്തുകൊണ്ടാണ് ഈ പക്ഷികളുടെ വർത്തമാനം മറ്റാരും കേൾക്കാത്തത്.

അപ്പോൾ മൈമൂനക്ക് മറ്റൊരു കാര്യം അറിയണമെന്ന് തോന്നി.

എന്തായിരിക്കും ആ കാക്കകൾ പറഞ്ഞിട്ടുണ്ടാകുക.

അതിന് ആ നശൂലം പിടിച്ച കാക്കകളെ പിന്നെ കണ്ടി ട്ടില്ലല്ലോ.

ഒരു ദിവസം കൂടി കഴിഞ്ഞാണ് കാക്കകൾ വന്നത്.

ആ മർമ്മരം വീണ്ടും മൈമൂനയെ തട്ടിയുണർത്തി.

മൈമൂന പുറം ഭിത്തിക്കു മറഞ്ഞു നിന്നു. കാക്കകൾ സംഭാഷണം തുടർന്നുകൊണ്ടേയിരുന്നു.

"അറിഞ്ഞില്ലെ ഈ വളപ്പിലെ മാവ് മുറിക്കാൻ പോവ്വാ."

"അയ്യോ അപ്പോൾ നമ്മുടെ കൂടുകളുടെ സ്ഥിതിയോ."

"അതൊക്കെ ആരോർക്കാനാണ്. ഈ വീട്ടുകാരി ഒരാർ ത്തിക്കാരിയാണ്. ആവശ്യത്തിന് പണമുണ്ട്. എന്നിട്ടും പോര എന്നാണ്. അല്ലെങ്കിൽ ആ മാവ് എന്തിന് വിൽക്ക ണം."

മൈമൂനക്കത് നന്നായി അറിയാം. വീട്ടിനു പുറകിൽ പരന്നു കിടക്കുന്ന വലിയ നാട്ടുമാവിനെക്കുറിച്ചാണ്.

അത് വിൽക്കണം എന്ന് വാശി പിടിച്ചത് മൈമൂനയാണ്.

പക്ഷേ കാശിനു വേണ്ടിയല്ല. നാട്ടിലുള്ള കിളികളു മുഴുവൻ അതിലാണ് പാർപ്പ്. വെളുപ്പിനും മോന്തിക്കും അവ ഉണരു ന്നതിന്റെയും ഉറങ്ങാൻപോകുന്നതിന്റെയും കലമ്പലാണ്. അതിനു ചോട്ടിലോ പക്ഷിക്കാട്ടം കൊണ്ടാറാട്ടാണ്. പിന്നെ ഇരുൾ മൂടിയ സ്ഥലം മാറി കുറെ പ്രകാശം കിട്ടും. വല്ല തെങ്ങോ മറ്റോ നടാം. പച്ചക്കറി കൃഷിയും ചെയ്യാം. അതിനാണ് സെയ്തലവിയോട് പറഞ്ഞ് മരക്കച്ചവടക്കാരൻ അദ്രുമാനെ വരുത്തിയത്. ഇരുപത്തിഅയ്യായിരം രൂപ വില യിട്ടു. മാവല്ലേ വലിപ്പണ്ടായാലും വെലയില്ല. രണ്ടായിരം രൂപ അച്ചാരം തന്ന് മുറിക്കാനായി വരാമെന്ന് പറഞ്ഞ് അദ്രുമാൻ പോയി.

മൈമൂന ശരിക്കും അമ്പരന്ന് പോയി. ഇദ്ദൊക്കെ ഈ കാക്കകളെങ്ങനെ അറിഞ്ഞു.

നമ്മുടെ നീക്കങ്ങളൊക്കെ ഇവറ്റ ശ്രദ്ധിച്ചിരിക്കുകയാണോ. ഓർത്താൽ തല പെരുത്ത് കയറുകയാണ്. ഇത്ര നാളും കെട്ട്യോൻ അവധിക്കു വരുമ്പം കൊണ്ടോരണ സ്വർണ്ണത്തെ ക്കുറിച്ചോ , പിള്ളേരുടെ നിക്കാഹിനെക്കുറിച്ചോ, പുതിയ തരത്തിൽ നെയ്ച്ചോറു വെയ്ക്കുന്നതിനെക്കുറിച്ചോ ഒക്കെ ഉള്ള ആലോചനകളെ ഉണ്ടായിട്ടുള്ളൂ. ഇതിനിടയിൽ ഈ കാക്ക കളും കോഴികളുമൊക്കെ ഇങ്ങനെ ചിന്തിക്കുന്ന് ആരറിഞ്ഞു.

അന്നുച്ച കഴിഞ്ഞ് മൈമൂന ഒരു കാര്യം ചെയ്തു.

സെയ്തലവിയെ വിളിച്ച് രണ്ടായിരം രൂപ അച്ചാരം തിരികെ കൊടുത്തു.

"നിനക്കെന്താ പ്രാന്തുണ്ടോ, ഇട്ടിപ്പോ മരം മുറിക്കണംന്ന് നിനക്കല്ലാർന്നോ തിടുക്കം."

"അതു പോട്ടിക്കാ, കുറെ കിള്ള്യോള് കൂടു കൂട്ടി കെടക്കണ തല്ലെ. അവറ്റങ്ങ പെഴച്ച പോട്ടെ."

സെയ്തലവി പെങ്ങളെ തുറിച്ചു നോക്കി. ഇവൾക്കെന്നു മുതല് തുടങ്ങി ഈ പ്രകൃതി സ്നേഹം.

അദ്രുമാനെ ഒരു വിധം സമാധാനിപ്പിച്ച് രണ്ടായിരം തിരിച്ചു കൊടുപ്പിച്ചു. അപ്പോഴാണ് പുതിയ പുകില്.

ഇനി മുതല് കോഴീനെ കൊല്ലണ്ടാന്ന്.

സെയ്തലവിക്ക് അമ്പരപ്പായി.

പെങ്ങൾക്കെന്തു പറ്റി . ഇനിയിപ്പോ വല്ല ചിത്തഭ്രമോം.

മൂടി വെയ്ക്കാൻ പറ്റുന്ന കാര്യമല്ല. പല വഴി നാട്ടുകാർക്കി ടയിൽ ആ സംസാരമായി.

മൈമൂനക്ക് എന്തോ കുഴപ്പമുണ്ട്.

പെരുന്നാളിനായി വാങ്ങിയ ആട്ടിൻ മുട്ടൻമാരെ അറ ക്കാൻ കൂടി സമ്മതിക്കില്ല എന്നു വന്നപ്പോൾ ഉറപ്പായി.

എടയിളക്കമോ, ധിക്കാരമോ എന്നേ അറിയേണ്ടു.

"ഒരാൾക്ക് വേണ്ടെ, വേണ്ട. കുടുംബത്തിക്ക് ആരിക്കും ഇതൊന്നും വേണ്ടെന്ന് പറഞ്ഞാ. നൊസ്സള്ളോർക്ക് വേറം കാണൂലോ ബുദ്ധിമുട്ട്. ഇതിപ്പോ ഇതിന് മാത്രായിട്ട്."

നഫീസു കെട്ടിയവനോട് ഓട്ടകണ്ണിട്ടു പറഞ്ഞു.

വീടിനകത്തെങ്ങും കെട്ടിയിട്ട നിശബ്ദതയായിരുന്നു. അങ്ങുമിങ്ങും അമ്പരന്നിരുന്ന കുട്ടികളെ നോക്കി ഒരു സന്ധ്യ ക്ക് സെയ്തലവി പറഞ്ഞു.

"ങ്ങള് വെഷമിക്കണ്ടാ. ബാപ്പാനോട് എത്രയും വെക്കം ഇങ്ങട് തിരിക്കാൻ പറഞ്ഞിട്ടുണ്ട്. ഓര് വന്നിട്ട് ഇനിയെന്താ ന്ന് വെയ്ക്കാം."

മൈമൂന ഒന്നും കേട്ടില്ല.

പിന്നാംപുറത്തെ കട്ടിലിൽ കിടന്ന് പുറത്തേക്ക് കാതുകൂർ പ്പിച്ചു.

ഇനി ആട്ടിൻ കുട്ടികൾ എന്തെങ്കിലും പറയുന്നുണ്ടോ.

മൊബൈൽ: ~~9037253095~~
9745464899